14-ാം കേരള നിയമ സഭ
2-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.229 26.09.2016-ൽ മറുപടിയ്ക്ക്

# എയിംസ് സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.,വി. എസ്. ശിവകുമാർ :<br>ശ്രീ. അടൂർ പ്രകാശ് :<br>ശ്രീ. എ. പി. അനിൽ കുമാർ :<br>ശ്രീ. അനിൽ അക്കര : | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും, സാമൂഹിക നീതിയും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ എയിംസ് (ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്) സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള പുരോഗതി വ്യക്തമാക്കാമോ ;<br><br>(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി വിഷയത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;<br><br>(സി) പ്രസ്തുത വിഷയത്തിൽ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിൽ നിന്നും എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ? | (എ) (ബി) & (സി) ആൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാതൃകയിലുള്ള ഒരു സ്ഥാപനം കേരളത്തിൽ തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി അറിയിക്കുവാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് 4 സ്ഥലങ്ങളുടെ പട്ടിക ഇതിനകം സമർപ്പിച്ചു കഴിഞ്ഞു. സംസ്ഥാന സർക്കാർ കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ധന മന്ത്രാലയത്തിന്റെ അനുമതി കിട്ടിയാലുടൻ കേന്ദ്ര സംഘം സംസ്ഥാനം സന്ദർശിക്കുമെന്ന് ഉറപ്പ് നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ